**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 188** **13-12-2022 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൻകിട കമ്പനികൾ സിമന്റിനും കമ്പിക്കും കൃത്രിമ ക്ഷാമമുണ്ടാക്കി വിലയുയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | നിർമ്മാണ പ്രവർത്തനങ്ങൾ ക്കാവശ്യമായ സിമന്റ്, കമ്പി എന്നിവ പ്രധാനമായും ഉത്പാദിപ്പിക്കുന്നത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളാണ്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗം വഴി ഉണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്. ഇതര ബ്രാൻറുകളെ അപേക്ഷിച്ച് മലബാർ സിമന്റിന്റെ വിൽപ്പന വില താരതമ്യേന കുറവാണ്. വിപണിയിൽ ആനുപാതിക വിലവർദ്ധന ഉണ്ടെങ്കിലും സംസ്ഥാനത്ത് വൻകിട കമ്പനികൾ സിമന്റിനും കമ്പിക്കും കൃത്രിമ ക്ഷാമമുണ്ടാക്കി വിലയുയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും ഇന്ധന വിലക്കയറ്റവും കാരണമാക്കി സിമൻറ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ കേരളത്തിൽ മാത്രം സിമന്റിന് വില വർദ്ധിപ്പിച്ചത് പരിശോധിക്കുമോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | സിമന്റ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ കേരളത്തിൽ മാത്രം സിമന്റിന് വില വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സിമന്റിനും കമ്പിയ്ക്കും ഉണ്ടായിരിക്കുന്ന വലിയ വിലവർദ്ധനവ് നിർമ്മാണ മേഖലയിൽ ഉണ്ടാക്കിയിരിക്കുന്ന സ്തംഭനാവസ്ഥ കണക്കിലെടുത്ത് പൊതുമരാമത്ത് കരാറുകളിൽ റേറ്റ് റിവിഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സിമന്റിനും കമ്പിയ്ക്കും ഉണ്ടായിരിക്കുന്ന വലിയ വിലവർദ്ധനവ് നിർമ്മാണ മേഖലയിൽ സ്തംഭനാവസ്ഥ ഉണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷേ, കോവിഡ് മൂലവും ആഗോള മാന്ദ്യം മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി നിർമ്മാണ മേഖല ഇപ്പോഴും അഭിമുഖികരിക്കുന്നുണ്ട്. കൂടാതെ കൽക്കരി, പെറ്റ്-കോക്ക്, ഡീസൽ, ഇരുമ്പ് അയിര് തുടങ്ങിയവയുടെ |

| | | | |
|---|---|---|---|
| | | | ആഗോള വിലവർദ്ധനവിന് അനുസൃതമായി ഇലക്ട്രിക്കൽ, പ്ലംബിങ്, സ്റ്റീൽ, പെയിന്റ്, ഫ്ലോറിങ് ഉത്പന്നങ്ങളുടെ വിലയിലും ട്രാൻസ്പോർട്ടേഷൻ ചെലവിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ സാമ്പത്തിക പ്രതിസന്ധിയും മാന്ദ്യവും കാരണവും, പൂർത്തീകരിച്ച പ്രോജക്ടുകൾ വിറ്റു പോകാത്തതും കോമേഴ്സ്യൽ സ്പെയിസിന് ആവശ്യക്കാർ കുറഞ്ഞതും നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. കേന്ദ്ര നയങ്ങൾ മൂലമുണ്ടാകുന്ന വിലവർദ്ധനവുകളിൽ സംസ്ഥാനത്തിനു മാത്രമായി ഇടപെടുന്നതിനു പരിമിതികളുണ്ട്. |

സെക്ഷൻ ഓഫീസർ